(ബി)-(എഫ്) കുളനടയിൽ കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി ഒരു പിൽഗ്രിം അമിനിറ്റി സെന്ററിന്റെ നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പദ്ധതിക്കാവശ്യമായ സ്ഥലം ലഭിക്കുന്നതിനായി പത്തനംതിട്ട ജില്ലാ കളക്ടർ മുഖാന്തിരം നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിശദമായ പദ്ധതി തയ്യാറാക്കി കേന്ദ്രസഹായം തേടുന്നതാണ്.

ഇക്കോ ടൂറിസം

85 (131) ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസം നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) തെൻമല ഇക്കോ ടൂറിസം പദ്ധതി കൊണ്ടുദ്ദേശിക്കുന്നതെന്താണെന്നും എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് അതുമായി ബന്ധപ്പെടുത്തി ആരംഭിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇക്കോ ടൂറിസം പദ്ധതി ഇടുക്കി, വയനാട് ജില്ലകളിലാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഇക്കോ ടൂറിസം നടപ്പിലാക്കുന്നതിനായി ടൂറിസം വകുപ്പിൽ ഒരു പ്രത്യേക 'വിംഗ്' രൂപീകരിക്കുകയും ഒരു ഇക്കോ ടൂറിസം ഡയറക്ടറെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ഈ മേഖലയിലെ ആദ്യപദ്ധതിയായിട്ടാണ് തെൻമല എക്കോ ടൂറിസം വികസന പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി "തെൻമല എക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി" എന്ന പേരിൽ ഒരു സൊസൈറ്റി രൂപീകരിക്കുകയും തെൻമല കേന്ദ്രീകരിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിലുള്ള അത്യാകർഷകമായ മലയോര പ്രദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബൃഹത്തായ ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നുണ്ട്.

(ബി) തെൻമല കേന്ദ്രീകരിച്ച് കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിലെ മലയോര പ്രദേശങ്ങളിൽ എക്കോ ടൂറിസം ശാസ്ത്രീയാടിസ്ഥാനത്തിൽ നടപ്പാക്കുകയെന്നതാണ് തെൻമല ഇക്കോ ടൂറിസം പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. വനം, ജലസേചനം, വൈദ്യുതി വകുപ്പുകളുടെ പൂർണ്ണ സഹകരണത്തോടെയുള്ള വികസന പ്രവർത്തനങ്ങളാണ് തെൻമലയിൽ വിഭാവനം ചെയ്തിരിക്കുന്നത്. പരിസ്ഥിതിയ്ക്ക് കോട്ടംവരാതെയും വനസമ്പത്ത് സംരക്ഷിച്ചുകൊണ്ടും നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയിൽ ട്രെക്കിംഗ് വനത്തിലൂടെയുള്ള കുതിരസവാരി, ആനസവാരി, വന്യമൃഗനിരീക്ഷണം, ഗുഹയ്ക്കുള്ളിലെ താമസം, വന്യജീവികളെക്കുറിച്ചുള്ള ശാസ്ത്രീയ പഠനം, വന്യവൃക്ഷങ്ങളിൽ ഏറുമാടം കെട്ടിതാമസം, റോക്ക് ക്ലൈബിംഗ്, നദികളിലൂടെ ചങ്ങാടത്തിലുള്ള യാത്ര തുടങ്ങി അതാതു ഭൂപ്രകൃതികൾക്ക് അനുയോജ്യമായതും ഇക്കോ-ടൂറിസ്റ്റുകൾക്ക് പുതിയ അനുഭവങ്ങൾ പകരുന്നതുമായ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. പരിസ്ഥിതി പഠനത്തിലും മുൻഗണന നൽകുന്നുണ്ട്.

(സി) തൽക്കാലം ഉദ്ദേശമില്ല.

LIBRARY ARCHIVES Kerala Legislative Assembly